## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2172** — **13.06.2019 - ൽ മറുപടിക്ക്.**

### ഭക്ഷ്യഭദ്രതനിയമ പ്രകാരം അനുവദിച്ച ഭക്ഷ്യധാന്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു.ആർ പ്രദീപ് :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് ഭക്ഷ്യഭദ്രതനിയമ പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച ഭക്ഷ്യധാന്യത്തിന്റെ ആകെ അളവ് എത്രയാണ്; വ്യക്തമാക്കുമോ; | **(എ)** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായി ക്കൊണ്ടിരിക്കുന്ന 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളിൽ മുൻഗണനാ വിഭാഗക്കാർക്ക് വേണ്ടി വരുന്ന 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ കഴിച്ച് ബാക്കി വരുന്ന 4 ലക്ഷം മെ.ടൺ വിഹിതത്തിൽ നിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തി വരുന്നത്. |
| **(ബി)** ഇഉപ്രകാരം ഓരോ വിഭാഗം റേഷൻ കാർഡിനും പ്രതിമാസം അനുവദിക്കാവുന്ന പരമാവധി അരിയുടെ അളവ് എത്രയാണ്; ഓരോ വിഭാഗത്തിന്റെയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ; | **(ബി)** എ.എ.വൈ. വിഭാഗത്തിലെ കാർഡുകൾക്ക് 30 കി.ഗ്രാം അരിയും മുൻഗണനാ (പ്രയോറിറ്റി) വിഭാഗത്തിലെ കാർഡുകളിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം അരിയും പ്രതിമാസം നൽകാൻ കഴിയും. ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന അരി ഉപയോഗിച്ച് മുൻഗണനേതര-സബ്സിഡി വിഭാഗത്തിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം നൽകുന്നതിന് കഴിയുന്നതാണ്. ടൈഡ് ഓവർ വിഹിതത്തിൽ ബാക്കി വരുന്ന അരി, നീക്കിയിരിപ്പുകൂടി കണക്കിലെടുത്ത് മുൻഗണനേതര - നോൺ സബ്സിഡി വിഭാഗത്തിന് കാർഡിന് 6 കി.ഗ്രാം വീതം നൽകി വരുന്നു. |
| **(സി)** സംസ്ഥാനത്ത് പൊതുവിഭാഗം-സബ്സിഡി വിഭാഗത്തിലും പൊതുവിഭാഗത്തിലും എത്രവീതം റേഷൻ കാർഡുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ; | **(സി)** പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽ 25,85,418 റേഷൻ കാർഡുകളും പൊതുവിഭാഗം - നോൺ സബ്സിഡി വിഭാഗത്തിൽ 23,23,369 റേഷൻ കാർഡുകളും സംസ്ഥാനത്ത് നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പൊതുവിഭാഗം സബ്സിഡി വിഭാഗത്തിലും പൊതുവിഭാഗത്തിലും ഉൾപ്പെട്ട റേഷൻ കാർഡുകൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച അരിയുടെ അളവ് എത്രയാണ്; വിശദമാക്കുമോ; | (ഡി) | ടൈഡ് ഓവർ വിഹിതമായി പ്രതിമാസം 26835.124 മെ.ടൺ അരിയും 6459.074 മെ.ടൺ ഗോതമ്പും കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്നുണ്ട്. ആയത് മുൻഗണനേതര വിഭാഗത്തിന് നൽകി വരുന്നു. |
| (ഇ) | പ്രസ്തുത വിഭാഗം കാർഡുടമകൾക്ക് പ്രതിമാസം അനുവദിക്കുന്ന അരിയുടെ ശരാശരി അളവ് എത്രയാണ്; വിശദമാക്കാമോ? | (ഇ) | മുൻഗണനേതര - സബ്സിഡി വിഭാഗം കാർഡിലെ ഓരോ അംഗത്തിനും പ്രതിമാസം 2 കി.ഗ്രാം അരി വീതവും (കാർഡിന് ശരാശരി 8 കി.ഗ്രാം) മുൻഗണനേതര - നോൺസബ്സിഡി വിഭാഗത്തിലെ കാർഡുകൾക്ക് പ്രതിമാസം 6 കി.ഗ്രാം അരി വീതവും നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**